8440.
22/12/18

കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെദുരിതാശ്വാസനിധി-കേരളത്തിന്റെ പ്രളയക്കെടുതിയിലേക്ക് ശ്രദ്ധയാകർഷിച്ച കൊണ്ട് സോളോ ബൈക്ക് റൈഡ് നടത്തുന്നതിനിടെ, ശ്രീ.സ്വാതി ഷാ യ്ക്ക് നേരിട്ട അപകടത്തെ തുടർന്ന് എയർ ആംബുലൻസ് സേവനം ഉപയോഗിച്ചതിനും മറ്റും ചെലവായ 9,60,031/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

സ.ഉ.( കൈ) നം: 474 /2018 /റവ. തിരുവനന്തപുരം, തീയതി, 21.12.2018.

---

പരാമർശം- 1) 12/10/2018-ലെ സ.ഉ.(സാധാ)നം.4255/2018 റവ.

2) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29/10/2018-ലെ എ 5-E 14346/2018 നമ്പർ കത്ത്

ഉത്തരവ്

കേരളത്തിന്റെ പ്രളയക്കെടുതിയിലേക്ക് ശ്രദ്ധയാകർഷിച്ചുകൊണ്ട് കന്യാകുമാരി മുതൽ കാശ്മീർ വരെ സോളോ ബൈക്ക് റൈഡ് നടത്തുന്നതിനിടെ മദ്ധ്യപ്രദേശിൽ വച്ച് വാഹനാപകടത്തിൽപ്പെട്ട് പരിക്കേറ്റ് ഗ്വാളിയോറിലെ ബിർള ആശുപത്രിയിൽ ചികിത്സ യിൽ കഴിഞ്ഞിരുന്ന തിരുവനന്തപുരം മണികണ്ഠേശ്വരം സ്വദേശി ശ്രീ. സ്വാതി ഷാ യെ ഗ്വാളിയോറിലെ ബിർള ആശുപത്രിയിൽ നിന്നും ന്യൂഡൽഹിയിലെ എയിംസ് ആശുപത്രിയിലേക്ക് മാറ്റുന്നതിന് എയർ ആംബുലൻസിന്റെ സേവനം ഉപയോഗപ്പെടുത്താനും ആയതിനുള്ള ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും പരാമർശം 1 പ്രകാരം ഉത്തരവാകുകയുണ്ടായി.

2. എന്നാൽ പിന്നീട് ശ്രീ. സ്വാതി ഷാ യെ ബിർള ആശുപത്രിയിൽ നിന്നും എയർ ആംബുലൻസ് സംവിധാനം ഉപയോഗിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചതായും ആയതിന് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡിന് ചെലവായ 9 ലക്ഷം രൂപ നൽകണമെന്നും സർക്കാരിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മേൽ തുകയായ 900000/- രൂപയും (ഒൻപത് ലക്ഷം രൂപ മാത്രം),യാത്രക്കും ആശുപത്രി ചെലവുകൾക്കുമായി ശ്രീ. സ്വാതി ഷായുടെ മാതാവ് ഷൈലാബീഗത്തിന് ചെലവായ 60,031/- രൂപയും ( അറുപതിനായിരത്തി മുപ്പത്തി ഒന്ന് രൂപ) ഉൾപ്പെടെ ആകെ 9,60,031/- ( ഒൻപത് ലക്ഷത്തി അറുപതിനായിരത്തി മുപ്പത്തൊന്ന് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം രണ്ടു പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ പരിശോധിച്ചു. കേരളത്തിന്റെ പ്രളയക്കെടുതിയിലേക്ക് ശ്രദ്ധയാകർഷിച്ചുകൊണ്ട് കന്യാകുമാരി മുതൽ കാശ്മീർ വരെ സോളോ ബൈക്ക് റൈഡ് നടത്തുന്നതിനിടെ മദ്ധ്യപ്രദേശിൽ വച്ച് വാഹനാപകടത്തിൽപ്പെട്ട് പരിക്കേറ്റ് ഗ്വാളിയോറിലെ ബിർള ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന തിരുവനന്തപുരം മണികണ്ഠേശ്വരം സ്വദേശി ശ്രീ.സ്വാതി ഷാ യെ ചികിത്സയ്ക്കായി എയർ ആംബുലൻസ് സംവിധാനം ഉപയോഗിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചതിന് ചിപ്സൺ ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡിന് ചെലവായ 9 ലക്ഷം രൂപയും യാത്രയ്ക്കും ആശുപത്രി ചെലവുകൾക്കുമായി സ്വാതിഷയുടെ മാതാവ് ഷൈലാ ബീഗത്തിന് , ചെലവായ Rs. 60031/-യും ഉൾപ്പെടെ ആകെ .9,60,031/- രൂപ (ഒൻപത് ലക്ഷത്തി അറുപതിനായിരത്തി മുപ്പത്തിയൊന്ന് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

4. ടി Rs.960031/- രൂപ (ഒൻപത് ലക്ഷത്തി അറുപതിനായിരത്തി മുപ്പത്തിയൊന്ന് രൂപ മാത്രം) 2075-00-800-40 contribution of Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെഉത്തരവിൻപ്രകാരം)

പി. എച്ച്. കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
സഹകരണ-ടൂറിസംവകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ആരോഗ്യ (ഇ) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
ദുരന്ത നിവാരണ (എ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Smitha. A.S.

സെക്ഷൻ ഓഫീസർ.